**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2478** **12-02-2024 - ൽ മറുപടിയ്ക്ക്**

**പള്ളിക്കത്തോട് ട്രഷറി കെട്ടിടത്തിനുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2 ലെ ഡി2-3796-2018 നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2-ലെ ഡി2/3796/2018 നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് ലഭ്യമാക്കിയിരുന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.<br><br>എന്നാൽ ടി ഭരണസമിതി തീരുമാനത്തിന്റെ പകർപ്പിനോടൊപ്പം സ്ഥലത്തിന്റെ അനുയോജ്യത സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെ പകർപ്പ്, അർത്ഥനാധികാരിയുടെ അർത്ഥനാപത്രം തുടങ്ങിയ രേഖകളൊന്നും ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് 24.03.2023, 17.04.2023, 09.05.2023 എന്നീ തീയതികളിലെ ആർ.ഇ1/93/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്തുകൾ പ്രകാരം ഗ്രാമവികസന കമ്മീഷണറോട്ടും, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട്ടും, 05.02.2024-ലെ ഇതേ നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട്ടും ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത രേഖകളുടെ പകർപ്പുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ? | (ബി) | പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2-ലെ ഡി2/3796/2018 നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് ലഭ്യമാക്കിയിരുന്ന |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.<br><br>എന്നാൽ ടി ഭരണസമിതി തീരുമാനത്തിന്റെ പകർപ്പിനോടൊപ്പം സ്ഥലത്തിന്റെ അനുയോജ്യത സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെ പകർപ്പ്, അർത്ഥനാധികാരിയുടെ അർത്ഥനാപത്രം തുടങ്ങിയ രേഖകളൊന്നും ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് 24.03.2023, 17.04.2023, 09.05.2023 എന്നീ തീയതികളിലെ ആർ.ഇ1/93/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്തുകൾ പ്രകാരം ഗ്രാമവികസന കമ്മീഷണറോടും, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോടും, 05.02.2024-ലെ ഇതേ നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോടും ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത രേഖകളുടെ പകർപ്പുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ